14970
10/7/17

കേരള സർക്കാർ

സംഗ്രഹം

സഹകരണ വകുപ്പ് - കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നത് - പ്രൊഫ. എം.എസ്. ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സഹകരണ (ബി) വകുപ്പ്

സ.ഉ (കൈ)നം. 22/2017/സഹ തീയതി, തിരുവനന്തപുരം, 30/06/2017

പരാമർശം:- 1. സ.ഉ (സാധാ) നം. 488/2016/സഹ തീ. 28.09.2016.
2. സ.ഉ (കൈ) നം. 18/2017/സഹ തീ. 02.06.2017.

ഉത്തരവ്

കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും, സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ. എം.എസ്. ശ്രീറാം ചെയർമാനായി ഒരു വിദഗ്ധ സമിതിയെ പരാമർശം (1) പ്രകാരം നിയമിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കമ്മിറ്റി 28.04.2017-ന് റിപ്പോർട്ട് സമർപ്പിച്ചു. ഇതേ തുടർന്ന് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പാക്കുന്നതിനായി നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ പരാമർശം (2) പ്രകാരം രൂപീകരിച്ചിരുന്നു.

പ്രൊഫ. എം.എസ്. ശ്രീറാം കമ്മിറ്റി റിപ്പോർട്ട് ടാസ്ക് ഫോഴ്സ് പരിശോധിക്കുകയുണ്ടായി. കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനായി നബാർഡ്/റിസർവ് ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ അടിയന്തിരമായി ആരംഭിക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ സഹകരണ രംഗത്തെ പൊതു സാഹചര്യത്തിനനുസരിച്ചും, ജനങ്ങളിൽ നിന്നും അഭിപ്രായം സ്വീകരിച്ചതിനുശേഷവും കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം അനുയോജ്യമായ ഭേദഗതികൾ ഉൾപ്പെടുത്തി പ്രായോഗികമാക്കേണ്ടതുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ പ്രൊഫ. എം.എസ്. ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
വേണു വി.
പ്രിൻസിപ്പൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
ശ്രീ .വി.ആർ രവീന്ദ്രനാഥ്, ചെയർമാൻ,ടാസ്ക് ഫോഴ്സ്
(സഹകരണ സംഘം രജിസ്ട്രാർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. മുഖ്യമന്ത്രിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
2. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസിന്

രഹസ്യം

കേരള സർക്കാർ

മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

തീയതി : 28-06-2017

ഇനം നം: 1168
O.A.

വിഷയം : സഹകരണ വകുപ്പ് - കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ച് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ പ്രൊഫ. എം.എസ്. ശ്രീറാം കമ്മിറ്റിയുടെ റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, സഹകരണ വകുപ്പ്.
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്.

0/4
1168
28.06.2017

മന്ത്രിസഭാ യോഗത്തിലേക്കുള്ള കുറിപ്പ്

കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനേയും സംയോജിപ്പിച്ച് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രൊഫ.എം.എസ്.ശ്രീറാം ചെയർമാനായി വിദഗ്ധ സമിതിയെ നിയമിക്കുകയും ചെയ്തു. പ്രൊഫ.എം.എസ്.ശ്രീറാം കമ്മിറ്റി 28.04.2017 ന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഇതേ തുടർന്ന് കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം പ്രായോഗികതലത്തിൽ നടപ്പിലാക്കുന്നതിനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതിന് തീരുമാനിക്കുകയും നബാർഡിൽ നിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ.വി.ആർ.രവീന്ദ്രനാഥിനെ ടാസ്ക് ഫോഴ്സ് ചെയർമാനായി നിയമിക്കുകയും ചെയ്തു. പ്രൊഫ.എം.എസ്.ശ്രീറാം കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് ടാസ്ക് ഫോഴ്സ് പരിശോധിക്കുകയും ആയതിന്റെ ഒരു സംക്ഷിപ്തം തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മന്ത്രിസഭയുടെ പരിഗണനയ്ക്കായി വിദഗ്ധസമിതി റിപ്പോർട്ടും ആയതിന്റെ സംക്ഷിപ്തവും ഉള്ളടക്കം ചെയ്യുന്നു.

റിപ്പോർട്ടിലെ ഭൂരിഭാഗം നിർദ്ദേശങ്ങളും സ്വീകാര്യമായവയാണ്. എന്നാൽ ചില നിർദ്ദേശങ്ങൾ കേരളത്തിലെ സാഹചര്യത്തിന് അനുയോജ്യമല്ല എന്നാണ് കാണുന്നത്. നമുക്ക് നബാർഡ്/റിസർവ്വ് ബാങ്ക് എന്നിവയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾ അടിയന്തിരമായി ആരംഭിക്കേണ്ടതുമുണ്ട്. മാത്രമല്ല, റിപ്പോർട്ടിനെ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും അഭിപ്രായം ശേഖരിക്കണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഉചിതമായ ഭേദഗതികൾ കൊണ്ടുവരണമെന്നും പ്രൊഫ.എം.എസ്.ശ്രീറാം കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ കേരളത്തിലെ സഹകരണ രംഗത്തെ പൊതു സാഹചര്യത്തിനനുസരിച്ചും ജനങ്ങളിൽ നിന്നും അഭിപ്രായം ശേഖരിച്ചതിനുശേഷവും കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം അനുയോജ്യമായ ഭേദഗതി നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പ്രായോഗികമാക്കാവുന്നതാണ്. പ്രൊഫ.എം.എസ്.ശ്രീറാം കമ്മിറ്റി റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് മേൽ നടപടികൾ സ്വീകരിക്കുന്നതിന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

തീരുമാനിക്കേണ്ട വിഷയം

കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരണം സംബന്ധിച്ച് പ്രൊഫ.എം.എസ്.ശ്രീറാം കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് മേൽ നടപടികൾ സ്വീകരിക്കാമോ എന്നത് സംബന്ധിച്ച്.

കടകംപള്ളി സുരേന്ദ്രൻ